LIBRARY ARCHIVES Kerala Legislative Assembly

സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ കോഴ്സുകളാണ് ടി സ്ഥാപനത്തിൽ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ തസ്തികകളുടെ വിശദ വിവരം അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു.* തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

പോളിടെക്നിക്കുകളെ എഞ്ചിനീയറിംഗ് കോളേജുകൾ ആക്കാൻ നടപടി

120(2840) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ എ ക്ലാസ്സ് പോളിടെക്നിക്കുകളെ എഞ്ചിനീയറിംഗ് കോളേജുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എ ക്ലാസ് ഐ.ടി.ഐ.-കളെ പോളിടെക്നിക്കുകളാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

നിലമ്പൂർ താലൂക്കിൽ പുതിയ വനിതാ സർക്കാർ പോളിടെക്നിക് കോളേജ്

121(2841) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സർക്കാർ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; സഹകരണ മേഖലയിൽ പ്രസ്തുത കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൂടുതൽ സർക്കാർ പോളിടെക്നിക് കോളേജുകൾ മുക്കം, ഹരിപ്പാട്, നടുവിൽ, വിളപ്പിൽശാല, കുറ്റിപ്പുറം, പിണറായി എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സർക്കാർ മേഖലയിലും സഹകരണ മേഖലയിലും പുതിയ പോളിടെക്നിക് കോളേജുകൾ/കോഴ്സുകൾ ആരംഭിക്കാവുന്നതാണെന്നാണ് സർക്കാർ നിലപാട്. CAPE (Co-operative Academy of Professional Education)-നുകീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 6 പുതിയ ഡിപ്ലോമ കോഴ്സുകളും IHRD (Institute of Human Resource Development)-ന് കീഴിൽ 6 ഡിപ്ലോമ കോഴ്സുകളും ആരംഭിക്കുന്നതിന് സ്റ്റേറ്റ് ബോർഡ് അനുവാദം (AICTE അംഗീകാരത്തിന് വിധേയമായി) നല്കിയിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിലുള്ള പോളിടെക്നിക് കോളേജുകളുടെ എണ്ണവും വിശദ വിവരങ്ങളും ജില്ല തിരിച്ച് ലഭ്യമാക്കാമോ?

നിലവിലുള്ള പോളിടെക്നിക് കോളേജുകളുടെ എണ്ണവും വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(സി) വനിതകൾക്കായി സംസ്ഥാനത്ത് എത്ര പോളിടെക്നിക് കോളേജുകളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും വിശദമാക്കാമോ?

സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് കൈമനം, തിരുവനന്തപുരം, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് കായംകുളം ആലപ്പുഴ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് കളമശ്ശേരി, എറണാകുളം, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്, നെടുപുഴ, തൃശ്ശൂർ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്, കോട്ടക്കൽ, മലപ്പുറം, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് കോഴിക്കോട്, റസിഡൻഷ്യൽ വനിതാ പോളിടെക്നിക്ക് കോളേജ് പയ്യന്നൂർ, കണ്ണൂർ എന്നിവയാണ് വനിതകൾക്കായി സംസ്ഥാനത്ത് നിലവിലുള്ള പോളിടെക്നിക് കോളേജുകൾ.

മുക്കം ഗവൺമെന്റ് പോളിടെക്നിക്

122(2842) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ ഭരണാനുമതി ലഭിച്ച മുക്കം ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) സ്ഥലം ലഭ്യമാക്കുന്ന ഇടങ്ങളിൽ പോളിടെക്നിക് ആരംഭിക്കുന്നതിന് എതെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) മുക്കം പോളിടെക്നിക്കിനായി നിർദേശിച്ചിട്ടുള്ള സ്ഥലം മുൻപ് വനഭൂമി ആയിരുന്നതിനാൽ അത് തരംമാറ്റി ലഭിക്കുന്നതിനുള്ള ഫോറസ്റ്റ് ചീഫ് കൺസർവേറ്ററിന്റെ അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) എങ്കിൽ തിരുവമ്പാടി മണ്ഡലത്തിൽ സ്ഥലലഭ്യതയുള്ള പ്രദേശത്ത് പോളിടെക്നിക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly